BRIDGE CONNECTING NETTUR AND KOMANTHURUTH—STEPS TAKEN

116. (339) മിസ്റ്റർ കെ. കെ. വിശ്വനാഥൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹു മാനപ്പെട്ട ഗവണ്മെണ്ട് ദയവായി മറുപടി പറയുമോ.—

(എ) നെട്ടൂർനിന്നും കോമന്തുരുത്തിലേക്കും കുണ്ടന്നൂരേക്കും ഒരോ പാലം വേണമെന്ന് ആ നാട്ടുകാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഗവണ്മെണ്ട് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

മിസ്റ്റർ കെ. അയ്യപ്പൻ:

(എ) ഉണ്ട്.

(ബി) പ്രസ്തുത പാലങ്ങൾ തുപ്പുണിത്തുറെനിന്നും വില്ലിങ്ടൺ ദ്വീപിലേക്ക ഒരു റോഡ് ഉറക്കുന്ന പദ്ധതിയിൽ ചേർത്തിട്ടുണ്ട്. പ്രഥമാന്വേഷണത്തിൽ ഇപ്പോഴത്തെ നിരക്കനുസരിച്ച് എതാണ്ട് ഏന ലക്ഷം ഉറുപ്പിക ചിലവുവരുന്നതിനാലും പാലങ്ങൾക്കാവശ്യമായ ഇരുമ്പ് സാമഗ്രികൾ കിട്ടുവാൻ വളരെ പ്രയാസമുള്ളതിനാലും ഈ പദ്ധതി ഉടനെതന്നെ തുടങ്ങുവാൻ നിവത്തിയില്ലാതെയാണ് വന്നിരിക്കുന്നത്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ഏന ലക്ഷം രൂപ ചിലവു വരുമെന്ന പറഞ്ഞിട്ടുള്ളത് പാലം പണിക്ക മാത്രമല്ലല്ലോ, റോഡ് ഉൾപ്പടെയുള്ള പദ്ധതികൾക്കല്ലെ; പാലങ്ങൾക്കമാത്രം എത്ര രൂപ ചിലവുവരും?

മിസ്റ്റർ കെ. അയ്യപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: നെട്ടൂരും കോമന്തുരുത്തും തമ്മിലുള്ള പാലത്തിന്റെ കായ്മെങ്കിലും ഉടനെ ആലോചിക്കാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: വരുന്നകൊല്ലം ഈ കായ്മും ഗൗരവമായി ആലോചിക്കാം?

മിസ്റ്റർ പി. കെ. ഡീവർ: ചേപ്പനം, പനങ്ങാട് മുതലായ സ്ഥലങ്ങളിൽ നിന്നും ആളുകൾക്ക് നടന്നുവരാൻ നെട്ടൂരും കോമൻതുരുത്തുമായി ഒരു പാലം ഇത്രവണതന്നെ ഉണ്ടാക്കാൻ ആലോചിക്കാമോ എന്നാണ ചോദിക്കുന്നത്.

മിസ്റ്റർ കെ. അയ്യപ്പൻ: ഈ എട്ടുമാസത്തേക്കുള്ള ബഡ്ജറ്റ് തയ്യാറായിക്കഴിഞ്ഞതുകൊണ്ട് ഈ വു മാസത്തിനുള്ളിൽ ഇതു ചെയ്യാൻ സാധ്യമാണോ എന്നു ചോദിച്ചാൽ മറുപടി പറയുവാൻ വിഷമമുണ്ട്.

CHERAI INDUSTRIAL SCHOOL BUILDING—PURPOSE FOR WHICH IT IS USED NOW

117. (289) **Mr. K. A. Achuthan** (*Nominated*): Will Government be pleased to state.—

(*a*) what the Government are going to do with the building now left vacant consequent upon the abolition of the Cherai Industrial School?

Mr. P. Govinda Menon (*Minister for Finance and Law*):

(*a*) The school is proposed to be entrusted to a Co-operative Society. So the building will then be required for the use of the society.

മിസ്റ്റർ കെ. എ. അച്യുതൻ: ഏതു കോവാപ്പറേറീവു സൊസൈറ്റിക്കാണ് വിട്ടുകൊടുക്കാൻ പോകുന്നത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇന്ന സൊസൈറ്റിക്കാണെന്നു നിശ്ചയിച്ചിട്ടില്ല.

മിസ്റ്റർ ടി. പി. സീതാരാമൻ: ഇതുപോലെ നിർത്തലാക്കപ്പെട്ടിട്ടുള്ള മറെ സ്കൂളുകൾ ഏതെങ്കിലും സൊസൈറ്റികൾ ആവശ്യപ്പെട്ടാൽ കൊടുക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു അപ്പോഴത്തെ അവസ്ഥപോലെ തീരുമാനിക്കും.

മിസ്റ്റർ ടി. പി. സീതാരാമൻ: വേറെ ഏതെങ്കിലും അപേക്ഷകൾ വന്നിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: നോട്ടീസുവേണം.

മിസ്റ്റർ കെ. എ. അച്യുതൻ: ഈ സ്കൂൾ എന്താവശ്യത്തിലേക്കാണ് ആവശ്യപ്പെട്ടിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സൊസൈറ്റി ആവശ്യപ്പെട്ട എന്നാണ പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly